**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1193** **07-02-2023 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ പ്രവൃത്തി എപ്പോഴാണ് ടെണ്ടർ നടപടി പൂർത്തിയാക്കി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | **ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കി 09.08.2021-ലാണ് SE(K) 23/2021-22 നമ്പർ പ്രകാരം കരാറുകാരനുമായി ഉടമ്പടി ഏർപ്പെട്ടിട്ടുള്ളത്.** |
| (ബി) | ടെണ്ടർ ചെയ്ത പ്രവൃത്തി നാളിതുവരെയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവൃത്തി ആരംഭിക്കുന്നതിനായി മണ്ണ് നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് എത്ര തവണയാണ് ലേലം നടത്തിയിട്ടുള്ളത്; ലേല തീയതി ഉൾപ്പെടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | **സ്ഥലത്തെ മണ്ണ് നീക്കം ചെയ്യാൻ സാധിക്കാത്തതിനാൽ ടെണ്ടർ ചെയ്ത പ്രവൃത്തി നാളിതുവരെയായി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ലേല നടപടികളിലൂടെ മണ്ണ് നീക്കം ചെയ്യുന്നതിനായി സർവ്വേ റിപ്പോർട്ടിന് 25.07.2022 ന് അംഗീകാരം ലഭ്യമാക്കിയിരുന്നു. ലേല നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും സർവ്വേ റിപ്പോർട്ട് പ്രകാരം നിശ്ചയിച്ച തുക ലഭ്യമാകാത്തതിനാൽ ലേല നടപടികൾ അംഗീകരിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. മണ്ണ് നീക്കുന്ന പ്രവൃത്തിയ്ക്ക് 3 തവണയാണ് ലേല നടപടികൾ കൈക്കൊണ്ടത്. ഇവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.**<br><br>**<u>ലേലതീയതി</u> <u>ലേലം കൊണ്ട തുക</u>**<br>**1. 27.07.2022 - ആരും പങ്കെടുത്തില്ല.**<br>**2.04.08.2022- ആരും പങ്കെടുത്തില്ല.**<br>**3. 19.08.2022 - 3,10,000/-** |
| (സി) | ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ? | (സി) | **സർവ്വേ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച തുക 21,67,352/-ആണ്. എന്നാൽ ലേല നടപടികളിൽ ക്വോട്ട് ചെയ്ത ലേലത്തുക 3,10,000/- മാത്രമാണ്. ടി തുക അംഗീകരിച്ച നൽകിയ തുകയേക്കാൾ 85.69% കുറവായതിനാൽ ലേല നടപടികൾക്ക് ആവശ്യമായ അംഗീകാരം ലഭ്യമാക്കുന്നതിന് നിർദ്ദേശം ലഭിച്ചിരുന്നു. മണ്ണ് സർക്കാരിന്റെ മറ്റ് പ്രവൃത്തികൾക്കൊന്നും ലാഭകരമായി ഉപയോഗിക്കാനാവില്ലെന്ന് ഉറപ്പ് വരുത്തേണ്ടതും നിലവിലുള്ള നിയമങ്ങൾ പ്രകാരം ലേലത്തുകയായ 3,10,000/- രൂപയോടൊപ്പം GST, Royalty,** |

| | | | |
|---|---|---|---|
| | | | **Seigniorage ചാർജ്ജ് എന്നിവയും ഈടാക്കേണ്ടതുണ്ടെന്നും ചീഫ് എഞ്ചിനീയറെ അറിയിച്ചിരുന്നു. Seigniorage ചാർജ് 100/MT നിരക്കിൽ 18,72,038/- രൂപ അടയ്ക്കാൻ ലേലം കൈക്കൊണ്ടയാൾ വിസമ്മതം അറിയിച്ചതിനെ തുടർന്ന് ലേല തുകയിൽ നിന്നും Seigniorage ചാർജ് ഒഴിവാക്കുന്നതിനായി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ